**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2300** **03-03-2025 - ൽ മറുപടിയ്ക്ക്**

**ഇൻഫർമേഷൻ കേരള മിഷനിലെ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇൻഫർമേഷൻ കേരള മിഷനിൽ നിന്നും സർക്കാരിലേക്ക് സമർപ്പിച്ച 19/05/2008 ലെ ഐ.കെ.എം./ഇ.സി.ഡി./22/2008 നമ്പർ പ്രൊപ്പോസലിൽ സൂചിപ്പിച്ചിട്ടുള്ള 440 ജീവനക്കാരുടെ പേര് വിവരങ്ങൾ വെളിപ്പെടുത്തുമോ; പ്രസ്തുത പ്രോപ്പോസലിൽ സൂചിപ്പിച്ചിരിക്കുന്ന നിയമന നടപടിക്രമങ്ങൾ പാലിച്ച് തന്നെയാണോ ഇവരെ നിയമിച്ചതെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കുമോ; | (എ) | ഐകെഎം/ഇസിഡി/22/2008 എന്ന പ്രൊപ്പോസലിൽ ആരുടെയും പേരുകൾ പരാമർശിച്ചിട്ടില്ല. ബന്ധപ്പെട്ട തസ്തികകൾ മാത്രമാണ് പരാമർശിച്ചിട്ടുള്ളത്.<br><br>സംസ്ഥാനത്തെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങൾ ശാക്തീകരിച്ച് ഇ- ഗവേണൻസ് പരിപാടികൾ നടപ്പിലാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി 12.08.1999 ലെ ജി.ഒ.(എം.എസ്) നമ്പർ 38/99/പ്ലാനിംഗ് സർക്കാർ ഉത്തരവ് പ്രകാരം പ്ലാനിംഗ് ബോർഡിന് കീഴിൽ സി-ഡിറ്റന്റെ ഒരു പ്രോജക്ടായാണ് ഇൻഫർമേഷൻ കേരളാ മിഷൻ (ഐ.കെ.എം) രൂപീകരിച്ചത്. ഓരോ വർഷവും സർക്കാർ extension നൽകി മുന്നോട്ടു പോകുന്ന രീതി ആയതിനാൽ നിർവ്വചിക്കപ്പെട്ട സേവന വേതന സംവിധാനം ഒന്നും തന്നെ ഉണ്ടായിരുന്നില്ല.<br><br>മിഷൻ മോഡ് പ്രോജക്ടിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി വിവിധ ജോലികൾക്കായി ജീവനക്കാരെ നിയോഗിക്കുന്നതിന് അധികാരം അന്നത്തെ എക്സിക്യൂട്ടിവ് മിഷൻ ഡയറക്ടർക്കായിരുന്നു. ഇത് 28.01.2004 ലെ സ.ഉ.(എം.എസ്)No.46/2004/തസ്വഭവ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച Memorandum of Understanding- ലെ Clause-3 ൽ 3.4ൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ കാലഘട്ടത്തിൽ ഐ.കെ.എമ്മിൽ ജീവനക്കാരെ കരാർ, ഇന്റർവ്യൂ, ദിവസവേതനം എന്നീ രീതികളിലൂടെ ആയിരുന്നു നിയമിച്ചിരുന്നത്. വിവിധ ജോലികൾക്ക് നിയോഗിക്കപ്പെട്ടവർക്ക് നിർവ്വചിക്കപ്പെട്ട സേവന വേതന സംവിധാനം ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. |

| | | | |
|---|---|---|---|
| | | | ഐ.കെ.എമ്മിലെ മുഴുവൻ ജീവനക്കാരും മേൽപറഞ്ഞ താൽക്കാലിക സംവിധാനത്തിലാണ് നിയമിതരായതും, തുടർന്ന് ഐ.കെ.എമ്മിൽ സേവനം അനുഷ്ഠിച്ചിരുന്നതും. |
| (ബി) | പ്രസ്തുത പ്രൊപ്പോസലിൽ പറഞ്ഞിരിക്കുന്ന 440 ജീവനക്കാർ തന്നെയാണോ ഇൻഫർമേഷൻ കേരളമിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആൻഡ് ഡയറക്ടറുടെ 28/01/2009-ലെ ഉത്തരവ് നമ്പർ ഐ.കെ.എം./എസ്റ്റ്./റീ-സ്ട്രക്ച്ചറിംഗ്-03/2009 എന്ന നടപടിക്രമം പ്രകാരം അനുബന്ധം-ബി-യിൽ ഉൾപ്പെട്ടിരിക്കുന്നത് എന്നറിയിക്കാമോ; ആയത് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കാമോ; | (ബി) | ഐകെഎം/ഇസിഡി/22/2008 എന്ന പ്രൊപ്പോസലിൽ ആരുടെയും പേര് പരാമർശിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത പ്രൊപ്പോസലിൽ പറഞ്ഞിരിക്കുന്ന 440 പേർ തന്നെയാണോ ഐ.കെ.എം എക്സിക്യൂട്ടിവ് ചെയർമാൻ ആന്റ് ഡയറക്ടറുടെ നം.ഐകെഎം/എസ്റ്റാ/റീസ്ട്രക്ച്ചറിംഗ്- 03/2009 ഉത്തരവിലെ ബി പട്ടികയിലെ 440 പേർ എന്നത് വ്യക്തമാക്കുക പ്രയാസകരമാണ്. |
| (സി) | ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരനായ ശ്രീ.റോഷി കെ.കെ.യുടെ നിയമനവുമായി ബന്ധപ്പെട്ട ഫയലിലെ രേഖകൾ ലഭ്യമാക്കാമോ; പ്രസ്തുത സ്ഥാപനത്തിലെ അനധികൃത നിയമനം സംബന്ധിച്ച് ലഭിച്ച പരാതിയിൽ പരാമർശിക്കപ്പെട്ട ശ്രീ.റോഷി.കെ.കെ.യ്ക്കെതിരെ കൈക്കൊണ്ട നടപടി സംബന്ധിച്ച രേഖകളും അനധികൃത നിയമനം സംബന്ധിച്ച പരാതിയിൽ ഇൻഫർമേഷൻ കേരള മിഷൻ സർക്കാരിൽ സമർപ്പിച്ച 15/10/2014-ലെ നമ്പർ 3444/ ഇ-4/2014/ഐ.കെ.എം. എന്ന റിപ്പോർട്ടും ലഭ്യമാക്കാമോ; | (സി) | ശ്രീ റോഷി കെ. കെ യുടെ സർവീസ് ബുക്ക് പരിശോധിച്ചതിൽ നിന്നും ടിയാനെ 21.11.2003-ൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിയിൽ നിയമിച്ചതായും, തുടർന്ന് ടിയാന്റെ ശമ്പളം consolidated pay യിലേക്ക് മാറ്റിയിട്ടുള്ളതും ആകുന്നു. സർവീസ് ബുക്കിന്റെ പ്രസ്തുത പേജുകളുടെ പകർപ്പ് അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു.<br>15/10/2014 ലെ N0.3444/E-4/2014/IKM എന്ന റിപ്പോർട്ടിന്റെ 3 പേജുള്ള പകർപ്പ് ഇതോടൊപ്പം അനുബന്ധം 3 ആയി ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | പ്രസ്തുത സ്ഥാപനത്തിൽ 2008ൽ-നടപ്പിലാക്കിയ റീസ്ട്രക്ച്ചറിങ് അടിസ്ഥാനമാക്കി പുറത്തിറങ്ങിയ 03/11/2008-ലെ സ.ഉ.(സാധാ)3865/08/ എൽ.എസ്.ജി.ഡി. പ്രകാരം 2005-ൽ മാനേജർ തസ്തികയിലെ രണ്ട് ജീവനക്കാരുടെ സേവനം അവസാനിപ്പിക്കുന്നതിനുള്ള നിർദ്ദേശത്തിന് ആധാരമായി ആരോപിക്കപ്പെട്ട കുറ്റം എന്താണെന്നും സേവനം അവസാനിപ്പിക്കാൻ കാരണം എന്താണെന്നും വ്യക്തമാക്കാമോ; പ്രസ്തുത ജീവനക്കാർ നിലവിൽ ഈ സ്ഥാപനത്തിൽ തുടരുന്നതെങ്ങനെയെന്നും 03/11/2008-ന് ശേഷം പ്രസ്തുത സ്ഥാപനത്തിൽ തുടരുന്ന ബാക്കി ജീവനക്കാരുടെ തെരഞ്ഞെടുക്കൽ പ്രക്രിയ, നിയമന നടപടിക്രമം എന്നിവ എങ്ങനെയാണെന്നും വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കാമോ; | (ഡി) | 03.11.2008 ലെ സ.ഉ.(സാധാ)നം. 3865/08/ തസ്വഭവ സർക്കാർ ഉത്തരവിൽ പിരിവ് B-യിൽ The Services of Managers in Corporate Management/ Administration on Deputation/Short Assignment shall be discontinue എന്ന് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിൽ erstwhile Managers എന്ന് മാത്രമാണ് പരാമർശിച്ചിട്ടുള്ളത്. ജീവനക്കാരുടെ പേരോ; discontinue ചെയ്യേണ്ട കാരണമോ വ്യക്തമായി രേഖപ്പെടുത്തിയിരുന്നില്ല. എന്നാൽ 2011 ഡിസംബർ, 2012 ഫെബ്രുവരി മാസങ്ങളിൽ സർക്കാരിലെ ഫിനാൻസ് വിഭാഗം (NT-D) വകുപ്പ് ഐകെഎമ്മിൽ നടത്തിയ പരിശോധന റിപ്പോർട്ടിൽ ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ വേതനം പരിഷ്കരിക്കുന്നതിന് 20/08/2009 ലെ GO(MS) 163/2009/LSG നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയപ്പോൾ നിലവിൽ ഉണ്ടായിരുന്ന 5 മാനേജർമാരെ 6 മാസത്തേക്ക് പ്രോഗ്രാം കോ- |

ഓർഡിനേറ്റർമാരായി തുടരാനും അതിന് ശേഷമുള്ള തുടർച്ച ധനകാര്യവകുപ്പിന്റെ അംഗീകാരത്തോടെ മാത്രമേ പാടുള്ളൂ എന്ന് നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ മുൻപ് ഉണ്ടായിരുന്ന 5 മാനേജർമാരിൽ ശ്രീമതി. ലക്ഷ്മി. ജെ, ശ്രീ,ഹോമർ. ജെ എന്നിവർ ഇപ്പോഴും തുടരുന്നുണ്ട്. 03.11.2008 ലെ സ.ഉ.(സാധാ)നം. 3865/08/തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഐ.കെ.എം. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടറുടെ നം.ഐകെഎം/ എസ്റ്റാ/റീസ്ട്രക്ച്ചറിംഗ്- 03/2009 നമ്പർ ഉത്തരവിലെ ബി പട്ടികയിലും, ഐ.കെ.എമ്മിന്റെ പുനരുദ്ധാരണത്തിനും ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനുമായി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് 28.08.2017 ലെ മന്ത്രിസഭാ യോഗം അംഗീകരിച്ച് പുറപ്പെടുവിച്ച സ.ഉ.(കൈ)നം.176/2017/തസ്വഭവ തീയതി 31.08.2017 ലെ സർക്കാർ ഉത്തരവിലെ അനുബന്ധ റിപ്പോർട്ടിലും ശ്രീമതി. ലക്ഷ്മി. ജെ, ശ്രീ,ഹോമർ. ജെ എന്നീ ജീവനക്കാർ ഉള്ളതിനാലാണ് അവർ ഐകെഎമ്മിൽ തുടരുന്നത് എന്ന് കാണുന്നു.

സംസ്ഥാനത്തെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങൾ ശാക്തീകരിച്ച് ഇ- ഗവേണൻസ് പരിപാടികൾ നടപ്പിലാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി 12.08.1999 ലെ ജി.ഒ.(എം.എസ്) നമ്പർ 38/99/പ്ലാനിംഗ് സർക്കാർ ഉത്തരവ് പ്രകാരം പ്ലാനിംഗ് ബോർഡിന് കീഴിൽ സി-ഡിറ്റന്റെ ഒരു പ്രോജക്ടായാണ് ഇൻഫർമേഷൻ കേരളാ മിഷൻ (ഐ.കെ.എം) രൂപീകരിച്ചത്. ഓരോ വർഷവും സർക്കാർ extension നൽകി മുന്നോട്ട് പോകുന്ന രീതി ആയതിനാൽ നിർവ്വചിക്കപ്പെട്ട സേവന വേതന സംവിധാനം ഒന്നും തന്നെ ഉണ്ടായിരുന്നില്ല. മിഷൻ മോഡ് പ്രോജക്ടിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി വിവിധ ജോലികൾക്കായി ജീവനക്കാരെ നിയോഗിക്കുന്നതിന് അധികാരം അന്നത്തെ എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർക്കായിരുന്നു. ഇത് 28.01.2004 ലെ സ.ഉ.(എം.എസ്).No.46/ 2004/ തസ്വഭവ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച Memorandum of Understanding- ലെ Clause-3 ൽ 3.4 ൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ കാലഘട്ടത്തിൽ ഐ.കെ.എമ്മിൽ ജീവനക്കാരെ കരാർ, ഇന്റർവ്യൂ, ദിവസവേതനം എന്നീ രീതികളിലൂടെ ആയിരുന്നു നിയമിച്ചിരുന്നത്. വിവിധ

| | | | |
|---|---|---|---|
| | | | ജോലികൾക്ക് നിയോഗിക്കപ്പെട്ടവർക്ക് നിർവ്വചിക്കപ്പെട്ട സേവന വേതന സംവിധാനം ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ഐ.കെ.എമ്മിലെ മുഴുവൻ ജീവനക്കാരും മേൽപറഞ്ഞ താൽക്കാലിക സംവിധാനത്തിലാണ് നിയമിതരായതും, തുടർന്ന് ഐ.കെ.എമ്മിൽ സേവനം അനുഷ്ഠിക്കുന്നതും. |
| (ഇ) | ധനകാര്യ പരിശോധന വിഭാഗം ഇൻഫർമേഷൻ കേരള മിഷനിൽ നടത്തിയ ആകസ്മിക പരിശോധന റിപ്പോർട്ടിലെ പിരിവ് 3, 4, 5 എന്നിവയ്ക്ക് 09/12/2024-ൽ സർക്കാരിലേക്ക് സമർപ്പിച്ച മറുപടി രേഖയിൽ സൂചിപ്പിച്ചിരിക്കുന്ന അംഗീകരിച്ച തസ്തികകളിലെ ജീവനക്കാർ ആരെല്ലാമെന്നും പ്രസ്തുത ജീവനക്കാരെ ഏത് വർഷം ആര് നിയമിച്ചുവെന്നും അറിയിക്കാമോ; അംഗീകരിച്ച തസ്തികയിൽ അല്ലാതെ മറ്റൊരു തസ്തികയിലും ജീവനക്കാരെ നിയമിച്ചിട്ടില്ലായെന്നും താത്കാലിക നിയമനങ്ങൾ സുതാര്യവും നീതിയുക്തവുമായ നടപടിക്രമങ്ങൾ പാലിച്ചാണ് നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കാമോ; | (ഇ) | ധനകാര്യ പരിശോധനാ വിഭാഗം ഇൻഫർമേഷൻ കേരള മിഷനിൽ നടത്തിയ ആകസ്മിക പരിശോധന റിപ്പോർട്ടിലെ പിരിവ് 3,4,5 എന്നിവയ്ക്ക് 09/12/2024 -ൽ സർക്കാരിലേക്ക് കത്ത് നൽകിയിട്ടില്ല. |
| (എഫ്) | ധനകാര്യ പരിശോധന വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ടിന് 09/12/2024-ൽ സർക്കാരിലേക്ക് സമർപ്പിച്ച മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്ന മൂന്ന് രീതിയിലെ തെരഞ്ഞെടുക്കൽ നടപടികൾ പൂർത്തിയാക്കി നിയമിതരായ താത്കാലിക ജീവനക്കാർ ആരെല്ലാമെന്ന് അവരുടെ തെരഞ്ഞെടുക്കൽ നടപടി വ്യക്തമാക്കുന്ന നിയമന രേഖകൾ സഹിതം അറിയിക്കാമോ? | (എഫ്) | ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ടിന് 09/12/2024-ൽ സർക്കാരിലേക്ക് കത്ത് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

Annexure-1



## History and verification of Service

| Sl. No. | Period From | Period To | Post scale of pay in full and Office with Station | Nature of appoint-ment ** | Pay and other allowances | Signature of the Head of Office | Remarks * |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |

Appointed as Project Associate 1, GIS w.e.f 16/01/06 FN as per order dt 31/01/05 (Ref. Personal file & KM/GD/39/2007 dt 18/02/08)

(*) Daily wages service from 21.11.03 to 31.8.2005 (3 yrs 9 mths 15 days) reckoned as qualifying service for fixation vide order No. KM/EH/R 406/10 dt 18/9/10 and Pay revised and fixed at Rs 10350/-. Annual increment raising the pay to Rs 10868/- after sanctioned wef 1.1.09 as per the above said order. Copy of the order also pasted in the SB.

Pay fixed as per per GO(MS) No. 320/08/LSGD dt 3/12/8 & GO(MS) No. 163/09/LSGD dt 20/08/09 vide option dt 19/09/09 w.e.f 16/01/08. The option accepted and pay fixed at Rs. 9900/- (considering Rs. 9000/- as basic pay and granting a fitment benefit of Rs. 900 (ie 5% of BP for 2 yrs). The option and fixation statement pasted in the SB.

Annual increment of Rs. 495/- is sanctioned raising the pay from Rs. 9900/- to Rs. 10395/- w.e.f 01/01/2009.

* Remarks column may be utilised to record in narration form in red ink the details of leave granted, leave availed of etc.

** ie. whether substantive, officiating, provisional etc.

Annexure-1



## History and verification of Service

| Sl. No. | Period | | Post scale of pay in full and Office with Station | Nature of appointment ** | Pay and other allowances | Signature of the Head of Office | Remarks * |
|---|---|---|---|---|---|---|---|
| | From | To | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| | 16-01-2006 FN | 19-09-2009 | PROJECT ASSOCIATE I, GIS | Temporary | Rs. 6500/- (Consolidated) | [signature] | Pay fixed as per GO(MS) No. 320/08/LSDAD dt 3/12/08 & GO(MS) No. 163/09/LSWD dt 20/08/09. Vide option dt 19/09/09. |
| | 16-01-2008 FN | 31-12-2008 | TECHNICAL OFFICER, GIS | Temporary | Rs. 9900/- (Consolidated) | [signature] | Increment |
| | 01-01-2009 | 18. 9. 2010 | TECHNICAL OFFICER, GIS | Temporary | Rs. 10395/- (Consolidated) | [signature] | Pay revised vide Order No. IKM/[illegible]606/10 dt 18/9/10 w.e.f 16.1.08 |

* Remarks column may be utilised to record in narration form in red ink the details of leave granted, leave availed of etc.

** ie. whether substantive, officiating, provisional etc.

Annexure-3

No. 3444/E-4/2014/IKM                                                    15.10.2014

പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശ സ്വയം ഭരണ വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം- അഡ്വക്കേറ്റ് അഭിലാഷ് വി എസ് ഐ കെ എമ്മിന് എതിരെ നൽകിയ പരാതി (ജീവനക്കാരുടെ അനധികൃത നിയമനങ്ങൾ) — സംബന്ധിച്ച്.

സൂചന : 1. 12.12.2013 ലെ 78057/ഐബി/2013/തസ്വഭവ നമ്പർ സർക്കാർ കത്ത്

സൂചന കത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

സൂചന കത്ത് പ്രകാരം അഡ്വക്കേറ്റ് അഭിലാഷ് വി എസ് ജീവനക്കാരുടെ അനധികൃത നിയമനങ്ങൾ സംബന്ധിച്ച് സർക്കാരിലേക്ക് പരാതികൾ നൽകിയിരുന്നു. ഐ കെ എമ്മിലെ വിവിധ കാലയളവിൽ നടത്തിയ നിയമനത്തിൽ ക്രമക്കേട് എന്നാണ് പരാതിയിലെ കാതൽ. പ്രസ്തുത വിഷയം വിശദമായി പരിശോധിച്ച് താഴെ പറയുന്ന റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുന്നു.

1. Roshy K K:-

   ഐ കെ എമ്മിൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലിക്ക് പ്രവേശിക്കുന്നത് 21-11-2003 എന്നാണ് സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് കഴിഞ്ഞ് 16-01-2006 മുതൽ Project Associate II എന്ന തസ്തികയിൽ 6500/- രൂപ നിരക്കിൽ consolidated ആയി നിയമനം നൽകി എന്നും സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇതിന് ആവശ്യമായ നിയമന ഉത്തരവ് സംബന്ധിച്ച പകർപ്പുകൾ ഒന്നും പേർസണൽ ഫയലിൽ കാണുന്നില്ല.

2. Rajesh.K:-

   ഐ കെ എമ്മിൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലിക്ക് പ്രവേശിക്കുന്നത് 25-03-2003 എന്നാണ് സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഇതിന് ആവശ്യമായ നിയമന ഉത്തരവ് സംബന്ധിച്ച പകർപ്പുകൾ ഒന്നും ഇദ്ദേഹത്തിന്റെ പേർസണൽ ഫയലിൽ കാണുന്നില്ല.

   01/10/2005 മുതൽ ടെക്നിക്കൽ അസിസ്റ്റന്റ് II എന്ന തസ്തികയിൽ 7800/- രൂപ നിരക്കിൽ consolidated ആയി നിയമനം നൽക്കാൻ അന്നത്തെ എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ (പി വി ഉണ്ണികൃഷ്ണൻ) ഫയലിൽ അംഗീകാരം നൽകുകയും ആയത് പ്രകാരം അന്നത്തെ additional ഡയറക്ടർ (ഡോ. രാജൻ നായർ) ഉത്തരവ് ഇറക്കുകയും ചെയ്തിരുന്നു (ഉത്തരവിൻറെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

Scanned with CamScanner

Annexure-3

3. Prasanth Kumar T:-

ഐ കെ എമ്മിൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലിക്ക് പ്രവേശിക്കുന്നത് 15-02-2003 എന്നാണ് സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഇതിന് ആവശ്യമായ നിയമന ഉത്തരവ് സംബന്ധിച്ച പകർപ്പുകൾ ഒന്നും പേർസണൽ ഫയലിൽ കാണുന്നില്ല.

01.04.2004 തീയതിയിലെ ഉത്തരവ് പ്രകാരം ഇദ്ദേഹത്തിനെ Junior Project Associate എന്ന തസ്തികയിൽ 5500/- രൂപ നിരക്കിൽ consolidated ആയി നിയമനം നൽകിയിരുന്നു ഇതിനെ തുടർന്ന് 23.01.2005 തീയതിയിലെ ഉത്തരവ് പ്രകാരം ഇദ്ദേഹത്തിനെ district co-ordinator എന്ന തസ്തികയിലേക്ക് പുനർനാമകരണം നൽകാൻ അന്നത്തെ എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ (പി വി ഉണ്ണികൃഷ്ണൻ) ഫയലിൽ അംഗീകാരം നൽകുകയും ആയത് പ്രകാരം അന്നത്തെ additional ഡയറക്ടർ (ഡോ. രാജൻ നായർ) ഉത്തരവ് നമ്പർ.IKM/CM/PRO-2/2004/05 ഇറക്കുകയും ചെയ്തിരുന്നു (ഉത്തരവിൻറെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

01-10-2005 മുതൽ Junior Project Associate എന്ന തസ്തികയിൽ 7500/- രൂപ നിരക്കിൽ consolidated ആയി നിയമനം നൽകി എന്നാണ് സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഇതിന് ആവശ്യമായ നിയമന ഉത്തരവ് സംബന്ധിച്ച പകർപ്പുകൾ ഒന്നും പേർസണൽ ഫയലിൽ കാണുന്നില്ല.

4. Naveen T S:-

ഐ കെ എമ്മിൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലിക്ക് പ്രവേശിക്കുന്നത് 25/01/2003 എന്നാണ് സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഇതിന് ആവശ്യമായ നിയമന ഉത്തരവ് സംബന്ധിച്ച പകർപ്പുകൾ ഒന്നും ഇദ്ദേഹത്തിൻറെ പേർസണൽ ഫയലിൽ കാണുന്നില്ല.

01/10/2005 മുതൽ ടെക്നിക്കൽ അസിസ്റ്റന്റ് II എന്ന തസ്തികയിൽ 7800/- രൂപ നിരക്കിൽ consolidated ആയി നിയമനം നൽകാൻ അന്നത്തെ എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ (പി വി ഉണ്ണികൃഷ്ണൻ) ഫയലിൽ അംഗീകാരം നൽകുകയും ആയത് പ്രകാരം അന്നത്തെ additional ഡയറക്ടർ (ഡോ. രാജൻ നായർ) ഉത്തരവ് ഇറക്കുകയും ചെയ്തിരുന്നു (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

C-DIT ൻറെ ഒരു ഭാഗമായിട്ടാണ് 1999 ൽ ഐ കെ എമ്മിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. ഐ. കെ. എമ്മിന്റെ പ്രവൃത്തനം മിഷൻ മോഡ് രൂപത്തിലാണ് പ്രവൃത്തിച്ചിരുന്നത് ഇതിന്റെ ആദ്യഘട്ടത്തിൽ പ്രവർത്തനങ്ങൾ വളരെ സുഗമമായി നടത്തുന്നതിനുവേണ്ടി ജീവനക്കാരെ ദിവസ വേതന അടിസ്ഥാനത്തിലും, ഷോർട്ട് പീരീഡിലും കരാർ അടിസ്ഥാനത്തിലുമായി ജോലിക്ക് നിയമിച്ചിരുന്നു. 2002 ഐ കെ എമ്മിന്റെ ഭരണ ചുമതല തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മേൽ നോട്ടത്തിലാക്കുകയും, എക്സിക്യൂട്ടീവ് കമ്മിറ്റി, ഗവേണിങ്ങ് ബോഡിയുടെ നിയന്ത്രണത്തിലാക്കുകയും ചെയ്തു.

2007 ൽ ഐ. കെ. എമ്മിലെ ജീവനക്കാരുടെ ശമ്പളവും സ്റ്റാഫിൻറെ എണ്ണത്തിലും എല്ലാം ഒരു ഏകീകൃത സ്വഭാവം നടപ്പാക്കുന്നതിനായി 10.10.2007 തീയതിലെ 11 - മത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 11.5 നമ്പർ തീരുമാന പ്രകാരം Centre for Management Development എന്ന സ്ഥാപനത്തെ ഏൽപ്പിക്കുന്നതിന് തീരുമാനിച്ചു. ഇത് പ്രകാരം CMD ഐ. കെ. എമ്മിലെ ജീവനക്കാരുടെ ശമ്പളവും സ്റ്റാഫ് pattern-ഉം സംബന്ധിച്ച് വിശദമായി പഠിച്ച് 2008 ഏപ്രിൽ മാസം ഐ കെ എമ്മിലെക്ക് റിപ്പോർട്ട് നൽകുകയും

Scanned with CamScanner

Annexure-3

പ്രസ്തുത റിപ്പോർട്ട് 03.05.2008 ലെ 17th എക്സിക്യൂട്ടീവ് കമ്മിറ്റിൽ സമർപ്പിക്കുകയും കമ്മറ്റിയുടെ ശുപാർശയോടുകൂടി സർക്കാരിലേക്ക് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ടിന്റെ 03.11.2008 ലെ GO (Rt) No. 3865/2008/LSGD സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ച് ഉത്തരവായി. പ്രസ്തുത ഉത്തരവിൽ ഐ.കെ.എമ്മിൽ 440 തസ്തികകൾ 13 catergory ലായി തരം തിരിച്ച് പുനർരൂപീകരിക്കാനും ഉത്തരവായി. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

ഇതിന്റെ അടിസ്ഥാനത്തിൽ IKM/Estt/Re-structuring-03/2009 ഉത്തരവ് പ്രകാരം പുനർ വിഘസിക്കുകയും ചെയ്തു. 03.01.2009 തീയതിലെ 25th എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വെച്ച് അംഗീകരികാരത്തോടുകൂടി തുടർന്നു. ഇതേ തുടർന്ന് 440 പേരടങ്ങുന്ന ലിസ്റ്റിൽ ഒഴിവുകൾ വരുന്ന മുറക്ക് ജീവനക്കാരെ ജോലിക്ക് നിയമിക്കുകയും പിന്നീട് regularise ചെയ്യുകയുമാണ് ഉണ്ടായത്.

2014 ൽ ഐ കെ എം ഒരു സൊസൈറ്റി ആയിട്ട് രജിസ്റ്റർ ചെയ്യുകയും ഐ.കെ.എമ്മിന്റെ സർവ്വീസ് ചട്ടങ്ങളും, ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളും സംബന്ധിച്ച വിഷയവും 04.12.2013 ൽ സർക്കാർ രൂപികരിച്ചിട്ടുണ്ട് (നമ്പർ. 291/ഐബി/2013/തസ്വഭവ) നിലവിൽ നടപ്പാക്കിയ കൺസോളിഡേറ്റ് പേ, regularisation, എന്നി വിഷയങ്ങളും ടി കമ്മറ്റിയുടെ പരിഗണനയിലാണ്. ടി കമ്മിറ്റിയിയുടെ ശുപാർശയുടെ വെളിച്ചതിൽ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ എല്ലാ വിഷയത്തിലും ഒരു ഉചിതമായ നടപടി കൈകൊള്ളുന്നതാണ് എന്ന വിവരം സർക്കാരിലേക്ക് അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

15/10

എക്സിക്യൂട്ടീവ് ഡയറക്ടർ

Scanned with CamScanner